13
ശനി
മെയ് 2023
1198 മേടം 29
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

# ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com




ഫോർട്ട് കൊച്ചിയിൽ യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ സദസ്സിനെ അഭിവാദ്യം ചെയ്യുന്നു (വാർത്ത പേജ് 14) ഫോട്ടോ: ജി പ്രമോദ്


## സിബിഎസ്ഇ 10, 12 ക്ലാസ് പരീക്ഷാഫലം പ്രഖ്യാപിച്ചു

- തിരുവനന്തപുരം മേഖല മുന്നിൽ
- യുപിയിലെ പ്രയാഗ് രാജ്, അസമിലെ ഗുവാഹത്തി എന്നിവ ഏറ്റവും പിന്നിൽ

**തിരുവനന്തപുരം**

സിബിഎസ്ഇ 10,12 ക്ലാസുകളിലെ പരീക്ഷാ ഫലം പ്രഖ്യാപിച്ചു. പത്താം ക്ലാസിൽ 93.12ഉം പന്ത്രണ്ടാം ക്ലാസിൽ 87.33 ശതമാനവുമാണ് വിജയം. പെൺകുട്ടികളാണ് വിജയശതമാനത്തിൽ മുന്നിൽ. ദേശീയതലത്തിൽ ഇരു പരീക്ഷയ്ക്കും കേരളം ഉൾപ്പെടുന്ന തിരുവനന്തപുരം മേഖലയാണ് ഒന്നാമത്. യുപിയിലെ പ്രയാഗ് രാജ്, അസമിലെ ഗുവാഹത്തി എന്നിവ ഏറ്റവും പിന്നിലാണ്. ഉയർന്ന മാർക്ക് നേടിയവർക്ക് മെറിറ്റ് സർട്ടിഫിക്കറ്റ് നൽകും. മാർക്ക് ഷീറ്റ്, സ്കിൽ സർട്ടിഫിക്കറ്റ്, മൈഗ്രേഷൻ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഡിജി ലോക്കറിൽ ലഭ്യമാക്കും.

(കൂടുതൽ വാർത്തകൾ പേജ് 4ൽ)




## ഗുജറാത്തിൽ സുപ്രീംകോടതി ഇടപെടൽ

# ജഡ്ജിമാരുടെ സ്ഥാനക്കയറ്റം റദ്ദാക്കി



**68** ജുഡീഷ്യൽ ഓഫീസർമാരെ ജില്ലാ ജഡ്ജിമാരായി നിയമിച്ച നടപടിയാണ് റദ്ദാക്കിയത്

- സ്ഥാനക്കയറ്റം നേടിയവരിൽ രാഹുൽ ഗാന്ധിയെ ശിക്ഷിച്ച ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഹരീഷ് ഹഷ്മുഖ് ഭായ് വർമയും
- സ്ഥാനക്കയറ്റത്തിന് മെറിറ്റും സീനിയോറിറ്റിയും പരിഗണിക്കണമെന്ന തത്വം ലംഘിച്ചു

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ രണ്ടുവർഷം തടവിന് ശിക്ഷിച്ച സൂറത്ത് ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഹരീഷ് ഹഷ്മുഖ് ഭായ് വർമ ഉൾപ്പെടെ ഗുജറാത്തിലെ 68 ജുഡീഷ്യൽ ഓഫീസർമാരെ ജില്ലാ ജഡ്ജിമാരായി നിയമിച്ചത് സുപ്രീംകോടതി സ്റ്റേ ചെയ്തു. മെറിറ്റും സീനിയോറിറ്റിയും പരീക്ഷയിലെ പ്രകടനവും പരിഗണിച്ചാണ് സ്ഥാനക്കയറ്റം നൽകേണ്ടതെന്ന തത്വം ലംഘിക്കപ്പെട്ടെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു.

ഹൈക്കോടതി ശുപാർശയും സർക്കാർ പുറപ്പെടുവിച്ച വിജ്ഞാപനവും നിയമവിരുദ്ധമാണെന്നും ജസ്റ്റിസുമാരായ എം ആർ ഷാ, സി ടി രവികുമാർ എന്നിവരുടെ ബെഞ്ച് അറിയിച്ചു. ജുഡീഷ്യൽ ഓഫീസർമാരുടെ സ്ഥാനക്കയറ്റം നിയമവിരുദ്ധമാണെന്ന ഹർജിയിൽ ഏപ്രിൽ 13ന് സുപ്രീംകോടതി ഗുജറാത്ത് ഹൈക്കോടതി രജിസ്ട്രാർ ജനറലിനും സംസ്ഥാനസർക്കാരിനും നോട്ടീസ് അയച്ചിരുന്നു. ഇത് ലഭിച്ചശേഷമാണ് ഏപ്രിൽ 18ന് സ്ഥാനക്കയറ്റ ശുപാർശ അംഗീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചത്. സുപ്രീംകോടതി വിഷയം പരിഗണിക്കുന്നുവെന്ന് അറിഞ്ഞശേഷം സംസ്ഥാന സർക്കാർ സ്ഥാനക്കയറ്റ ഉത്തരവിറക്കിയത് ദൗർഭാഗ്യകരമാണെന്നും സുപ്രീംകോടതി നിരീക്ഷിച്ചു. ഹരീഷ് ഹഷ്മുഖ് ഭായ് വർമയ്ക്ക് രാജ്കോട്ട് ജില്ലാ ജഡ്ജിയായി ആയിരുന്നു സ്ഥാനക്കയറ്റം നൽകിയത്. മുതിർന്ന സിവിൽ ജഡ്ജ് കേഡർ ഓഫീസർമാരായ രവികുമാർ മേത്ത, സച്ചിൻ പ്രതാപ് റായ് മേത്ത എന്നിവരാണ് 68 പേരുടെ സ്ഥാനക്കയറ്റ ഉത്തരവിനെതിരെ സുപ്രീംകോടതിയെ സമീപിച്ചത്. സ്ഥാനക്കയറ്റം തടഞ്ഞത് ഇടക്കാല ഉത്തരവാണെന്ന് സുപ്രീംകോടതി വ്യക്തമാക്കി. ജസ്റ്റിസ് എം ആർ ഷാ 15ന് വിരമിക്കുന്ന സാഹചര്യത്തിൽ കേസിൽ പുതിയ ബെഞ്ച് വാദം കേട്ട് അന്തിമ ഉത്തരവ് പുറപ്പെടുവിക്കും.

**ഹെഡ്മാഷ്**



വീണാ ജോർജിനെതിരെ അധിക്ഷേപവുമായി കോൺഗ്രസ്

ഗ്ലിസറിനില്ലാത്ത കണ്ണീർക്കഥകൾ കാണൂ...

■ ചർച്ച വിജയം

## മെഡിക്കൽ വിദ്യാർഥികൾ സമരം പിൻവലിച്ചു

- നൈറ്റ് ഡ്യൂട്ടി ഒഴിവാക്കുന്നത് പരിഗണിക്കും



"ആരോഗ്യപ്രവർത്തകരെ ആക്രമിക്കാമെന്ന് ഇനി ആരും കരുതേണ്ട. ഇത്തരം കുറ്റകൃത്യങ്ങൾക്ക് കർശന ശിക്ഷ ഉറപ്പാക്കും. സ്വപ്നം കണ്ടുതുടങ്ങിയ ഘട്ടത്തിലാണ് ഡോ. വന്ദന ദാസിന് ജീവൻ നഷ്ടമായത്. ആ മകളുടെ വേർപാടിനുമുന്നിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

**തിരുവനന്തപുരം**

ആരോഗ്യമന്ത്രി വീണാ ജോർജുമായുള്ള ചർച്ച വിജയകരമായതോടെ സമരം പിൻവലിച്ച് മെഡിക്കൽ പിജി വിദ്യാർഥികളും ഹൗസ് സർജൻമാരും. പ്രശ്നങ്ങൾ കൃത്യമായി പരിഹരിക്കുമെന്ന മന്ത്രിയുടെ ഉറപ്പിലാണ് സമരം പിൻവലിച്ചത്. വെള്ളി വൈകിട്ട് അഞ്ചോടെ പിജി വിദ്യാർഥികൾ കാഷ്വാലിറ്റി, ലേബർ റൂം, ഐസിയു ഡ്യൂട്ടിയിൽ പ്രവേശിച്ചു. വെള്ളി രാത്രി എട്ടോടെ ഹൗസ് സർജൻമാരും ഡ്യൂട്ടിക്കെത്തി.

നൈറ്റ് ഡ്യൂട്ടി ഒഴിവാക്കണമെന്ന ആവശ്യം അനുഭാവപൂർവം പരിഗണിക്കുമെന്ന് മന്ത്രി ഉറപ്പ് നൽകി. പ്രശ്നങ്ങൾ പഠിക്കാൻ രൂപം നൽകിയ സമിതിയുടെ റിപ്പോർട്ട് ലഭിച്ചശേഷമാകും ഇക്കാര്യത്തിൽ അന്തിമ തീരുമാനം. മുഖ്യമന്ത്രി പിണറായി വിജയനുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ കെജിഎംഒഎ, കെജിഎംസിടിഎ, ഐഎംഎ സംഘടനകൾ വ്യാഴം രാത്രിയോടെ സമരം അവസാനിപ്പിച്ചിരുന്നു.

## കേരള സ്റ്റാർട്ടപ് മിഷന് ആഗോളപുരസ്കാരം

- ലോകത്തെ മികച്ച പബ്ലിക് ബിസിനസ് ഇൻക്യുബേറ്റർ




**തിരുവനന്തപുരം**

കേരള സ്റ്റാർട്ടപ് മിഷനെ ലോകത്തെ ഏറ്റവും മികച്ച പബ്ലിക് ബിസിനസ് ഇൻക്യുബേറ്ററായി തെരഞ്ഞെടുത്തു. ബിസിനസ് ഇൻക്യുബേറ്ററുകളുടെയും ആക്സിലറേറ്ററുകളുടെയും പ്രവർത്തനം വിലയിരുത്തുന്ന സ്വീഡിഷ് ഗവേഷണ സ്ഥാപനമായ യുബിസി ഗ്ലോബൽ പ്രസിദ്ധീകരിച്ച വേൾഡ് ബെഞ്ച് മാർക്ക് പഠനത്തിലാണ് സംസ്ഥാനം മുന്നിലെത്തിയത്. വ്യാവസായിക സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിൽ കേരളം കൈവരിച്ച പുരോഗതിക്കുള്ള അംഗീകാരംകൂടിയാണ് ഇതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

16ന് ബൽജിയത്തിലെ ഗെന്റിൽ നടക്കുന്ന ലോക ഇൻക്യുബേഷൻ ഉച്ചകോടിയിൽ പുരസ്കാരം സമ്മാനിക്കും. ലോകത്തെ 1895 സ്ഥാപനത്തിൽനിന്നാണ് സ്റ്റാർട്ടപ് മിഷനെ തെരഞ്ഞെടുത്തത്.

ലോകത്തെ പ്രമുഖ ഇന്നൊവേഷൻ ഇന്റലിജൻസ് കമ്പനിയും ഇന്ററാക്ടീവ് ലേണിങ് കമ്യൂണിറ്റിയുമാണ് യുബിഐ ഗ്ലോബൽ. 2022ലെ ഗ്ലോബൽ സ്റ്റാർട്ടപ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഏഷ്യയിൽ ഒന്നാം സ്ഥാനവും ആഗോളതലത്തിൽ നാലാം സ്ഥാനവും കേരള സ്റ്റാർട്ടപ് മിഷനുണ്ട്.

## കർണാടക തെരഞ്ഞെടുപ്പ് ഫലം ഇന്ന്

- ഭരണവിരുദ്ധ വികാരത്തിൽ തിരിച്ചടി ഉണ്ടായാൽ ബിജെപി അട്ടിമറിക്ക് ശ്രമിച്ചേക്കും

**ബംഗളൂരു**

ഭൂരിപക്ഷം എക്സിറ്റ് പോളുകളും തൂക്കുസഭ പ്രവചിച്ച കർണാടക നിയമസഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ ശനിയാഴ്ച നടക്കും. കൃത്യമായ ഭൂരിപക്ഷമുള്ള സർക്കാരിനെത്തന്നെ അട്ടിമറിച്ച പാരമ്പര്യമുള്ള കർണാടകത്തിലെ തെരഞ്ഞെടുപ്പ്ഫലം ഏവരും ഉറ്റുനോക്കുകയാണ്. വോട്ടെടുപ്പ് നടന്ന ബുധനാഴ്ച 73.19 ശതമാനം പോളിങ്ങാണ് രേഖപ്പെടുത്തിയത്. സംസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ പോളിങ് ശതമാനമാണിത്. ഭരണവിരുദ്ധ വികാരത്തിൽ തിരിച്ചടിയുണ്ടായാൽ ബിജെപി അട്ടിമറി നീക്കങ്ങൾക്ക് ശ്രമിച്ചേക്കും. സ്വന്തം എംഎൽഎമാരെ കൂടെ നിർത്താനുള്ള ശ്രമങ്ങൾ കോൺഗ്രസും ബിജെപിയും ജെഡിഎസും തുടങ്ങിയിട്ടുണ്ട്. ജയസാധ്യതയുള്ള സ്വതന്ത്രരുമായും പാർടികൾ ചർച്ചകൾ നടത്തിയിട്ടുണ്ട്. ജഗദീഷ് ഷെട്ടാറിനെയടക്കം ബിജെപിയിൽനിന്ന് അടർത്തിയെടുക്കാനായതിന്റെ ആത്മവിശ്വാസത്തിലാണ് കോൺഗ്രസ്. എക്സിറ്റ് പോളുകൾ മുഖവിലയ്ക്കെടുക്കുന്നില്ലെന്നും 141 സീറ്റ് വിജയിച്ച് കോൺഗ്രസ് സർക്കാർ രൂപീകരിക്കുമെന്നും പിസിസി പ്രസിഡന്റ് ഡി കെ ശിവകുമാർ പറഞ്ഞു. ജെഡിഎസുമായി സഖ്യചർച്ച നടത്തിയെന്ന റിപ്പോർട്ടുകളും ശിവകുമാർ തള്ളി. എക്സിറ്റ് പോളുകൾ ശരിയായാൽ തങ്ങളുടെ നിലപാട് നിർണായകമാകുമെന്ന പ്രതീക്ഷയിലാണ് ജെഡിഎസ്.

ബാഗേപ്പള്ളിയടക്കം നാല് മണ്ഡലങ്ങളിലാണ് സിപിഐ എം മത്സരിച്ചത്. സംഘർഷസാധ്യത പരിഗണിച്ച് ബംഗളൂരുവിൽ പൊലീസ് നിരോധനാജ്ഞ പ്രഖ്യാപിച്ചു.

തിരുവനന്തപുരം കാഴ്ച
പേജ് 13

Trivandrum View

